WRITTEN ANSWERS

ഐ. ടി. ഐ. കേ.

* 132 [469] ശ്രീ. കെ. സി. വാമദേവൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്കു വ്യവസായവും തൊഴിലുംമന്ത്രി സദയം മറുപടി നൽകുമോ?

(എ) ഐ. ടി. ഐ. കളെ Production-cum-training Institute ആക്കി മാറ്റാൻ ഗവൺമെൻറിന്‌ പരിപാടിയുണ്ടോ?

(ബി) ഉണ്ടെങ്കിൽ പ്രസ്‌തുത പദ്ധതി നടപ്പിലാക്കാൻ ഇതുവരെ എന്തുനടപടി സ്വീകരിച്ചു?

വ്യവസായവും തൊഴിലും മന്ത്രി (ശ്രീ. പി. രവീന്ദ്രൻ):

(എ) ഉണ്ട്.

(ബി) ആദ്യപടിയെന്ന നിലയ്ക്ക് സ്കൂൾ ആവശ്യങ്ങൾക്കുള്ള ഫർണിച്ചർ നിർമ്മിക്കുന്നതിനുള്ള ഒരു കേന്ദ്രം കളമശ്ശേരി ഐ. ടി. ഐയിൽ തുടങ്ങിയിട്ടുണ്ട്. അതുപോലുള്ള ഒരു കേന്ദ്രം ചാലക്കുടിയിലും കാർഷികോപകരണങ്ങൾ നിർമ്മിക്കുന്നതിനുള്ള ഒരു കേന്ദ്രം പാലക്കാട്ടും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. തിരുവനന്തപുരത്ത് ഒരു ആട്ടോ മോബയിൽ റിപ്പയർഷോപ്പും ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

CALLING ATTENTION UNDER RULE 61

മി. സ്പീക്കർ: റൂൾ 61 അനുസരിച്ചു ചില നോട്ടീസുകൾ കിട്ടിയിട്ടുണ്ട്. സാധാരണ ബഡ്ജറിന്റെ പൊതു ചർച്ചാവേളയിൽ റൂൾ 61 അനുസരിച്ചുള്ള നോട്ടീസുകൾ ഉന്നയിക്കാറു പതിവില്ല. അതു കൊണ്ട് ഇന്നത്തെ നോട്ടീസുകൾ ഞാൻ എടുക്കുന്നില്ല. ഒന്നുരണ്ടെണ്ണം ഇവിടെ റൈഫർ ചെയ്യാം 9 A. M.

ശ്രീ. പി. കുഞ്ഞൻ: സംസ്ഥാന ഹരിജൻ വെൽഫെയർ ജീവനക്കാർ ശമ്പളസ്കെയിലിനും സർവ്വീസ് വ്യവസ്ഥയ്ക്കും വേണ്ടി 1961 മുതൽ നടത്തുന്ന ആവശ്യങ്ങൾക്കുവേണ്ടി 20–2–70 മുതൽ തുടർച്ചയായി പണിമുടക്കു സമരത്തിൽ ഏർപ്പെട്ടിരിക്കുകയാണ്, 2–3–70 മുതൽ സത്യാഗ്രഹ സമരം തിരുവനന്തപുരം സെക്രട്ടറിയേറ്റ് നടയിലേക്ക് മാറിയിരിക്കുന്നതിനെ സംബന്ധിച്ചുള്ള റൂൾ 61 അനുസരിച്ച് നോട്ടീസ് തന്നിട്ടുണ്ട്.

ശ്രീ. പി. പി. വിൽസൻ: മുണ്ടക്കയം പ്രദേശത്തുള്ള നെൻമേനി എൻഡ റോഡ എന്നീ തോട്ടങ്ങൾ ചെറിയ ചെറിയ ബ്ലോക്കുകളിലായി നടത്തിവരുന്ന വിൽപ്പനയെത്തുടർന്ന് നൂറുക്കണക്കിനു തൊഴിലാളികൾ തൊഴിൽരഹിതരാകുന്നതിനെ സംബന്ധിച്ച ഗുരുതരാവസ്ഥ ശ്രദ്ധയിൽപ്പെടുത്തുന്നതിനുവേണ്ടി റൂൾ 61 അനുസരിച്ച് നോട്ടീസ് തന്നിട്ടുണ്ട്. ഇതുരണ്ടും ബഹുമാനപ്പെട്ട മന്ത്രിമാരുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനായി അയച്ചുകൊടുക്കുന്നതാണ്.

ശ്രീ. ഇ. പി. കൃഷ്ണൻനമ്പ്യാർ: ഇന്നലെ ഞാൻ ഒന്നു തന്നിട്ടുണ്ട്.

ശ്രീ. കെ. പി. രാഘവപൊതുവാൾ: ഞാൻ ഒരു നോട്ടീസ് തന്നിട്ടുണ്ട്.

മി. സ്പീക്കർ: എല്ലാം പരിശോധിക്കാം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യരുടെ ഒരു ചോദ്യത്തെ സംബന്ധിച്ച് ഇവിടെ വിവരം നൽകാമെന്നു ഇന്നലെ പറഞ്ഞു. ഞാൻ അദ്ദേഹത്തെ ക്ഷണിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly